പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1084

20/03/2012-ൽ മറുപടി
നല്കേണ്ടത്

## ഇടുക്കി ജില്ലയിലെ പട്ടയവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; | (എ) 2150 പട്ടയങ്ങൾ നല്കിയിട്ടുണ്ട് |
| (ബി) 10 ചെയിൻ പ്രദേശത്ത് അധിവസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് നാളിതുവരെ കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ; | (ബി) 10 ചെയിൻ പ്രദേശത്ത് പട്ടയം കൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര അസൈൻമെന്റ് ഓർഡറുകൾ നൽകി; | (സി) 2360 അസൈൻമെന്റ് ഓർഡറുകൾ നല്കിയിട്ടുണ്ട്. |
| (ഡി) വൈദ്യുതിപദ്ധതികൾക്കുവേണ്ടി ഏറ്റെടുത്തതും പിന്നീട് പദ്ധതികൾ ഉപേക്ഷിച്ചതുമായ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) കെ.എസ്.ഇ.ബി. ഉപേക്ഷിച്ച പദ്ധതി പ്രദേശങ്ങളായ പെരിഞ്ചാംകുട്ടി, കത്തുങ്കൽ തുടങ്ങിയ പ്രദേശത്ത് പട്ടയം കൊടുക്കുന്നതിന്റെ മുന്നോടിയായി ഭൂമിയുടെ സർവ്വെ നടപടികൾ നടന്നു വരുകയാണ്. ആകെ സർവ്വെ ചെയ്യാനുള്ള 7460.91 ഹെക്ടർ ഭൂമിയിൽ നാളിതുവരെ 2377.12 ഹെക്ടർ ഭൂമിയിലെ സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഇ) ഇടുക്കി ജില്ലയിൽ ഓരോ താലൂക്കിലും പട്ടയം ലഭിക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്നു വ്യക്തമാക്കാമോ; | (സി) 1. തൊടുപുഴ താലൂക്ക് - 20356<br>2. പീരുമേട് താലൂക്ക് - 5083<br>3. ഉടുമ്പൻചോല താലൂക്ക് - 100343<br>4. ദേവികുളം താലൂക്ക് - 1422 |

സെക്ഷൻ ഓഫീസർ